**പതിനാലാം കേരളനിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം *388** 19.03.2018-ൽ മറുപടിയ്ക്ക്

**സ്കൂളുകളിൽ കുട്ടികൾക്ക് ശുദ്ധജലം ഉറപ്പുവരുത്തൽ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.അൻവർ സാദത്ത്: | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്കൂളുകളിൽ കുട്ടികൾക്ക് ശുദ്ധജലം ഉറപ്പുവരുത്താൻ കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ സർക്കാരിനോട് നിർദ്ദേശിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) സ്കൂളുകളിൽ കുട്ടികൾക്ക് ശുദ്ധജലം ഉറപ്പുവരുത്താനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) സ്കൂളുകളിൽ കുട്ടികൾക്ക് തിളപ്പിച്ചാറ്റിയ വെള്ളം കുടിക്കാൻ നൽകണമെന്നും കുട്ടികൾക്ക് നൽകുന്ന കുടിവെള്ളത്തിന്റെ ശുചിത്വം ഉറപ്പാക്കുന്നതിന് അദ്ധ്യയനവർഷം ആരംഭിക്കുന്നതിന് മുമ്പ് സ്കൂളുകളിലെ വാട്ടർ ടാങ്കുകളും, കിണറുകളും പി റ്റി എ യുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടെ വൃത്തിയാക്കണമെന്നും വാട്ടർ ടാങ്ക് മാസത്തിലൊരിക്കൽ വൃത്തിയാക്കണമെന്നും കുടിവെള്ളത്തിന്റെ സാമ്പിൾ ഏതെങ്കിലും അംഗീകൃത ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കണമെന്നും 30.05.2017 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എൻ.എം.(1)/39000/17/ഡി പി ഐ |

സർക്കുലർ പ്രകാരം എല്ലാ സ്കൂൾ ഹെഡ്മാസ്റ്റർമാർക്കും നിർദ്ദേശം നൽകിയിരുന്നു. സംസ്ഥാനത്തെ ഉച്ചഭക്ഷണ പദ്ധതിയുടെ കീഴിൽ വരുന്ന സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലെയും ഉച്ചഭക്ഷണത്തിന്റേയും കുടിവെള്ളത്തിന്റേയും സാമ്പിളുകൾ നിശ്ചിത ഇടവേളകളിൽ മൈക്രോ ബയോളജിക്കൽ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനായി കൊല്ലത്തെ സി ഇ പി സി ഐ ലാബുമായി പൊതുവിദ്യാഭ്യാസ വകുപ്പ് ധാരണാ പത്രം ഒപ്പിട്ടിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ്/ എയ്ഡഡ്/ അൺ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും ശുദ്ധമായ കുടിവെള്ളം നൽകുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നും ടി സൗകര്യങ്ങൾ ഇല്ലാത്ത പക്ഷം 31.05.2017 നകം ടി സൗകര്യങ്ങൾ ഒരുക്കണമെന്നും സ്കൂൾ പരിശോധനാവേളയിൽ ബന്ധപ്പെട്ട ആർ ഡി ഡി മാർ പരിശോധിക്കേണ്ടതും, ടി സൗകര്യങ്ങൾ ഏർപ്പെടുത്താത്ത സ്കൂൾ അധികാരികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ട് 15.05.2017 തീയതിയായി ഹയർ സെക്കണ്ടറി

ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

എല്ലാ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും ജലലഭ്യത ഉറപ്പ് വരുത്തുവാൻ പ്രിൻസിപ്പൽ മാർക്ക് നിർദ്ദേശം നൽകിയിരുന്നു. ജലലഭ്യതയ്ക്ക് ബുദ്ധിമുട്ടനുഭവിക്കുന്ന സ്കൂളുകൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചു.

ആർ എം എസ് എ യ്ക്ക് 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിലായി കുടിവെള്ള സൗകര്യം ഒരുക്കുന്നതിനായി 214 സ്കൂളുകൾക്ക് 50,000/- രൂപ വച്ച് കേന്ദ്ര സർക്കാർ അംഗീകാരം നൽകി. ഇതിനുള്ള തുക 2016-17 സാമ്പത്തിക വർഷത്തിലാണ് ആർ എം എസ് എ യ്ക്ക് ലഭിച്ചത്. ഈ മുഴുവൻ തുകയും ബന്ധപ്പെട്ട സ്കൂളുകൾക്ക് കുടിവെള്ള സൗകര്യം ഒരുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആർ എം എസ് എ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ